# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 91 02.03.2020-ൽ മറുപടിക്ക്

## മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് നടപടി

| | ചോദ്യം<br><br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. പി.കെ. ശശി | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശക്തമാകുന്ന സാഹചര്യത്തിൽ മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | മാവോയിസ്റ്റുകളുടെ പ്രവർത്തനം നേരിടുന്നതിന് പ്രധാനമായി മൂന്ന് തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>1. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന് തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ലോക്കൽ പോലീസ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ കോമ്പിംഗ് ഓപ്പറേഷൻ നടപ്പാക്കി വരുന്നു. കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തി വരുന്നു.<br><br>2. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ നിയമ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>3. ആദിവാസി മേഖലകളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ആദിവാസി യുവാക്കൾ മാവോയിസത്തിലേക്ക് ആകൃഷ്ടരാകാതിരിക്കാനായി സർക്കാർ ജോലികളിൽ നിയമനം ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. |
| (ബി) | ഗോത്രവർഗ്ഗ മേഖലകളിലുൾപ്പെടെ മാവോയിസ്റ്റുകൾ സ്വാധീനമുറപ്പിക്കുന്നത് തടയുന്നതിനും മാവോയിസ്റ്റുകൾക്ക് കീഴടങ്ങുന്നതിനുള്ള അവസരം ഒരുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ഉന്നതതല യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിലനിൽക്കുന്ന പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യം, ആദിവാസി മേഖലകളിലെ വികസന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതി 16.09.2019 തീയതിയിലെ സ.ഉ(സാധാ) നം.2472/2019/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ യോഗം ചേർന്നിട്ടുണ്ട്. |
| (സി) | കീഴടങ്ങുന്ന മാവോയിസ്റ്റുകൾക്ക് തൊഴിൽ നൽകുന്നത് ഉൾപ്പെടെയുള്ള പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; | (സി) | 28.05.2018 തീയതിയിലെ സ.ഉ.(എം.എസ്) 93/2018/ആഭ്യന്തരം നമ്പർ പ്രകാരം മാവോയിസ്റ്റ് പ്രവർത്തകർക്കായി കീഴടങ്ങൽ/ പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം പ്രകടമായിട്ടുള്ള പ്രദേശങ്ങളിൽ പട്രോളിംഗും മറ്റ് നിരീക്ഷണ സംവിധാനങ്ങളും ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ